

## സെന്റ് ജോസഫ്സ് അഡോറേഷൻ കോൺവെന്റ് തച്ചുടപ്പറമ്പ്

സ്ഥാപനം : 1991

ദിവ്യകാരുണ്യഈശോ ലോകത്തിലെമ്പാടും അറിയപ്പെടണമെന്നുള്ള സ്ഥാപകപിതാവിന്റെ ദർശനം ഉൾക്കൊണ്ടുകൊണ്ടാണ് 1991-ൽ ഈ മഠത്തിന് തുടക്കമിട്ടത്. ചാലക്കുടി ഫൊറോനായുടെ ഒരു സ്റ്റേഷൻ പള്ളിയായിരുന്നു തച്ചുടപ്പറമ്പ്, പള്ളിയുടെ സമീപത്ത് ഒരു വീടു വാടകയ്ക്കെടുത്താണ് മഠത്തിനു തുടക്കമിട്ടത് പിന്നീട് പലരിൽ നിന്നായി രണ്ട് ഏക്കർ സ്ഥലം വിലക്കുവാങ്ങി മഠം പണി ആരംഭിച്ചു. 1992-ൽ പണി പൂർത്തിയാക്കി വെഞ്ചരിച്ച് സിസ്റ്റേഴ്സ് അങ്ങോട്ട് താമസം മാറ്റി. അതോടൊപ്പം രണ്ടാം നിലയിൽ ഒരു ഹാൾ നേഴ്സറിയായി ഉപയോഗിച്ചു തുടങ്ങി. താമസിയാതെ നേഴ്സറി സ്ക്കൂൾ കെട്ടിടം നിർമ്മിച്ച് നേഴ്സറി അങ്ങോട്ട് മാറ്റി. 2009-ൽ മഠത്തോടനുബന്ധിച്ച് 4 കിടപ്പുമുറികൾ കൂടി നിർമ്മിച്ചു. ഇടവകയുടെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് സജീവമായി പ്രവർത്തിക്കുന്നു.